**K24U 1734**

Reg. No.: ...............................

Name : ...................................

## Second Semester B.Com./B.T.T.M./B.B.A./B.B.A. (TTM/RTM/AH) Degree (CBCSS – OBE-Regular/Supplementary/Improvement) Examination, April 2024 (2019 Admission Onwards)

## ADDITIONAL COMMON COURSE IN MALAYALAM

## 2A08-1 MAL : ഗദ്യരൂപങ്ങൾ

Don Bosco Arts and Science College Library, Angadikadavu, Kannur, lib.donbosco.ac.in

Time : 3 Hours Max. Marks : 40

I. **ഓരോന്നും 300** വാക്കിൽ കവിയാതെ ഏതെങ്കിലും **2** ചോദ്യത്തിന് ഉത്തരമെഴുതുക.

1) 'ബന്ധങ്ങളിലെ ശൈഥില്യം, അധിനിവേശാഭിമുഖ്യം, തുടങ്ങിയവയുടെ കലാത്മകമായ ആവിഷ്കാരമാണ് ഷെർലക് എന്ന കഥ' – ശരിയോ ? വിശദമാക്കുക.

2) 'ബഷീറിന്റെ ഓർമ്മയുടെ അറകൾ എന്ന ആത്മകഥ അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ ചരിത്രം കൂടിയാണ്' – ചർച്ച ചെയ്യുക.

3) ദുരിതമനുഭവിക്കുന്ന മനുഷ്യരുടെ ജീവിതത്തിൽ ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും വെളിച്ചം പകരുകയാണ് തന്റെ പ്രവർത്തനത്തിലൂടെ ലീലാകുമാരി അമ്മ ചെയ്യുന്നത് – വിശദമാക്കുക.

4) ഹിമാവാന്റെ മുകൾത്തട്ടിൽ എന്ന യാത്രാ വിവരണത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? **(2×7=14)**

II. ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 150** വാക്കിൽ കവിയരുത്.

5) 'അങ്ങേയ്ക്ക് ഉപഹാരമായി ഞാൻ കൊണ്ടുവന്നത് അങ്ങ് പിടിച്ചു വാങ്ങുക ഉണ്ടായില്ലല്ലോ' – ഇങ്ങനെ ചിന്തിക്കുവാനുണ്ടായ സാഹചര്യമെന്ത് ?

6) 'എന്റെ കറുത്ത തൊലിക്ക് മുകളിലേക്ക് ഞാൻ ആ കറുത്ത കുപ്പായം എടുത്തണിഞ്ഞു' – കറുത്ത കുപ്പായക്കാരി എന്ന കഥയിൽ ഈ വാക്യത്തിനുള്ള പ്രാധാന്യം ചർച്ച ചെയ്യുക.

7) യാത്രകളെക്കുറിച്ചുള്ള ബഷീറിന്റെ വിവരണങ്ങൾ സംഗ്രഹിക്കുക.

P.T.O.

8) എൻഡോസൾഫാനെ ജീവനാശിനി എന്ന് ലീലാകുമാരിയമ്മ സംബോധന ചെയ്യുന്നതിനുള്ള കാരണമെന്ത് ?

9) കേദാർനാഥിനെ കുറിച്ചുള്ള രാജൻ കാക്കനാടിന്റെ വിവരണങ്ങൾ എഴുതുക.

10) പാരിസ്ഥിതിക പ്രവർത്തനങ്ങളിൽ ലീലാകുമാരിയുടെ സംഭാവനകൾ എന്തെല്ലാം ? **(4×3=12)**

III. ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 100** വാക്കിൽ കവിയരുത്.

11) ചിത്രകാരനായ ബി. എം. ഗഫൂറിനെ കുറിച്ച് ബഷീർ എങ്ങനെയാണ് ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ?

12) 'ആ കൊച്ചു മനുഷ്യരാണ് യഥാർത്ഥ തീർത്ഥാടകർ എന്നെനിക്ക് തോന്നി' – അങ്ങനെ തോന്നാൻ കാരണമെന്ത് ?

13) 'എന്റമ്മ ഏഴു മക്കളേയാ പോറ്റി വലുതാക്കിയത്. നിനക്കൊന്നിനെപ്പോലും പോറ്റാൻ വയ്യ. എന്തിനാ നിയൊരു പെണ്ണായി ജനിച്ചത് ?' ഇത്തരം സ്ത്രീയധിക്ഷേപ മനോഭാവമാണോ സമൂഹത്തിൽ ഇന്നും തുടരുന്നത് ? ചർച്ച ചെയ്യുക.

14) ബഷീറിന്റെ ബാപ്പ വീഴാനിടയായ സംഭവം വിവരിക്കുക.

15) 'അടുത്തെത്തിയപ്പോൾ അയാൾ ഒരു പാശ്ചാത്യനാണെന്നു തോന്നി' – ആരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ? അയാളുടെ പ്രത്യേകതകൾ എന്തെല്ലാം ?

16) നിവേദനത്തിലൂടെ മുഖ്യമന്ത്രിയോട് ലീലാകുമാരിയമ്മ ആവശ്യപ്പെട്ടതെന്താണ് ? **(4×2=8)**

IV. ഏതെങ്കിലും **നാല്** ചോദ്യത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) എം. ടി. വാസുദേവൻ നായർ

18) ഗണേശ് പോയിന്റ്

19) ജീവചരിത്രം

20) ബാല്യകാലസഖി

21) ചെറുകഥാ സാഹിത്യം

22) ഗൗരികുണ്ഡം. **(4×1½=6)**

Don Bosco Arts and Science College Library Angadikadavu Kannur librarydonbosco.co.in